<u>മേലെഴുത്ത് നമ്പർ ഇഎ2/44253/23/ഡിടിഇ തീയതി: 28.10.2023</u>

നവ കരള നിർമ്മിതിയുടെ ഭാഗമായി ബഹു: മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ നവംബർ 18 മുതൽ ഡിസംബർ 24 വരെ എല്ലാ അസംബ്ലി മണ്ഡലങ്ങളിലും ഔദ്യോഗികമായി പര്യടനം നടത്തുന്ന "നവകേരള സദസ്സ്" വിജയകരമായ നടത്തിപ്പിനായി മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ആയതിൽ കോളേജ്/സർവകലാശാലകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ഫ്ലാഷ്മോബ്, തെരുവ് നാടകങ്ങൾ പോലുള്ള പ്രചരണ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണമെന്നും, വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ കലാപരിപാടികൾ പ്രചാരണത്തിനായി മുൻ കൂട്ടി തയ്യാറാക്കി നടപ്പിൽ വരുത്തണമെന്നും സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ മുതലായവയുടെ നേതൃത്വത്തിൽ അതതു സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കൽ ഉൾപ്പടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഉറപ്പാക്കണം എന്നും സൂചിപ്പിച്ചിരിക്കുന്നു. ടി സർക്കാർ ഉത്തരവ് വകുപ്പിലെ സ്ഥാപന/ഓഫീസ് മേധാവികളുടെ അറിവിലേക്കും തുടർ നടപടിക്കുമായി നൽകുന്നു.

പകർപ്പ്:-

1. വകുപ്പിന് കീഴിലെ എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും (ഡി.ടി.ഇ വെബ് സൈറ്റ് വഴി)
2. കരുതൽ സഞ്ചയം

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 29.10.2023
Reason: Approved

Draft #1 of File EA2/44253/23/DTE Approved by Senior Administrative Officer on 29-Oct-2023 09:49 AM - Page 1

The document is digitally approved. Hence signature is not needed.

770143?(3)/2023/(CDN) GAD

സ.ഉ.(സാധാ) നം.4661/2023/GAD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - നവംബർ 18 മുതൽ ഡിസംബർ 24 വരെ നവകേരള സദസ്സ് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(സാധാ) നം.4661/2023/GAD തീയതി,തിരുവനന്തപുരം, 16-10-2023

---

പരാമർശം:- 1. സ.ഉ(കൈ)152/2023/പൊഭവ തീയതി, 29.09.2023

2. സ.ഉ(കൈ)158/2023/പൊഭവ തീയതി, 30.09.2023

ഉത്തരവ്

സംസ്ഥാന സർക്കാർ നവംബർ 18 മുതൽ ഡിസംബർ 24 വരെ സംഘടിപ്പിക്കുന്ന നവകേരള സദസ്സ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശ പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ വിജയകരമായി നടത്തിപ്പിനായി താഴെപ്പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- മണ്ഡല തല സംഘാടകസമിതി രൂപീകരണ യോഗങ്ങൾ എല്ലാ മണ്ഡലത്തിലും നടത്തി ഒക്ടോബർ 15 നകം സംഘാടകസമിതികൾ നിലവിൽ വന്നിട്ടുണ്ട്. എന്നാൽ ഇനിയും രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തിരമായി രൂപീകരിക്കേണ്ടതാണ്.
- സ്ഥലം എം.എൽ.എ അല്ലെങ്കിൽ എക്സ്.എം.എൽ.എ/മറ്റേതെങ്കിലും ജനപ്രതിനിധി/പൊതുസമ്മതനായ പ്രമുഖ വ്യക്തി ആയിരിക്കണം സംഘാടകസമിതി ചെയർമാൻ. മണ്ഡലം സംഘാടക സമിതി കൺവീനർ ഒരു ഉദ്യോഗസ്ഥനായിരിക്കണം. ജില്ലാ ചുമതലയുള്ള മന്ത്രിമാരുമായി കൂടിയാലോചിച്ച് ഭാരവാഹികളെ സംബന്ധിച്ച ധാരണയുണ്ടാക്കണം.
- പഞ്ചായത്ത്തല സംഘാടകസമിതി യോഗം ഒകടോബർ 18 നകം വിളിച്ച് ചേർക്കണ്ടതാണ്. ചെയർമാനായി തദ്ദേശസ്വയംഭരണ ചെയർപേഴ്സണോ പ്രതിപക്ഷ നേതാവോ ആകണം. കൺവിനറായി ഒരു ഉദ്യോഗസ്ഥനെയും നിശ്ചയിക്കേണ്ടതുമാണ്. മറ്റു ഭാരവാഹികളെ മണ്ഡല സംഘാടകസമിതിയുമായി കൂടിയാലോചിച്ച് തീരുമാനിക്കാവുന്നതാണ്.
- മണ്ഡലതല സംഘാടകസമിതി യോഗത്തിന് ശേഷം മണ്ഡലം ഭാരവാഹികളുടെ യോഗം ചുമതലയുള്ള മന്ത്രിമാരും ജില്ലാകളക്ടറും പങ്കെടുത്ത് ചേരേണ്ടതാണ്. ഈ യോഗത്തിൽ പഞ്ചായത്ത് തല സംഘാടകസമിതിയുടെ ചെയർമാൻ, കൺവീനർ എന്നിവരെ കൂടി പങ്കെടുപ്പിക്കണം.
- മണ്ഡലം സംഘാടകസമിതിയുമായി ജില്ലാ കളക്ടർ നിരന്തര ബന്ധംവെക്കേണ്ടതാണ്.
- ഓരോ മണ്ഡലത്തിലും നടക്കുന്ന സദസ്സിന് സൗകര്യമുള്ള ഗ്രൗണ്ട് ഒരുക്കേണ്ടതും, ഇതേക്കുറിച്ച് കൃത്യമായ ധാരണ ബഹു.മന്ത്രിക്കും കളക്ടർക്കും ഉണ്ടാകണം.
- നവകേരള സദസ്സിന്റെ ഭാഗമായി ഗ്രൗണ്ട്, സ്റ്റേജ്, കസേര, ലൈറ്റ് & സൗണ്ട്, അനുബന്ധ പരിപാടികൾ തുടങ്ങിയവയ്ക്ക് വരുന്ന ചെലവ് സ്പോൺസർഷിപ്പിലൂടെ അതത് മണ്ഡലത്തിൽ നിന്ന് കണ്ടെത്തണം.

സ.ഉ.(സാധാ) നം.4661/2023/GAD

- സ്പോൺസർഷിപ്പ് കണ്ടെത്തുന്നതിൽ ജനപ്രതിനിധികളും ജില്ലയിലെ പ്രമുഖ ഉദ്യോഗസ്ഥരും ആയി ജില്ലാ കളക്ടർ ചർച്ച ചെയ്യേണ്ടതാണ്.
- നവകേരള സദസ്സിന്റെ ഭാഗമായി യാത്ര നടത്തുന്ന ബഹു.മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും താമസവും ഭക്ഷണവും ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ സംഘാടകസമിതികളുമായി ആലോചിച്ച് ഉറപ്പാക്കണം. പ്രഭാതയോഗത്തിൽ പങ്കെടുക്കേണ്ട ആളുകളെക്കുറിച്ചും ക്രമീകരണങ്ങളെക്കുറിച്ചും വ്യക്തത ഉണ്ടാകണം.
- നവകേരള സദസ്സിന്റെ വിജയത്തിനായി മണ്ഡലതല സംഘാടകസമിതിയുടെ നേതൃത്വത്തിൽ വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കാനാവണം.
- പരിപാടിയുമായി ബന്ധപ്പെട്ട ബഹു.മുഖ്യമന്ത്രിയുടെ കത്തും സർക്കാർ പ്രവർത്തനം സംബന്ധിച്ചു പി.ആർ.ഡി തയ്യാറാക്കുന്ന ബ്രോഷറും എല്ലാ വീടുകളിലും എത്തിക്കുന്നതിനുള്ള പദ്ധതി മണ്ഡലതല സംഘാടകസമിതി ആസൂത്രണം ചെയ്യേണ്ടതാണ്. ഇതോടൊപ്പം പരിപാടിയുടെ പോസ്റ്ററുകളും തയ്യാറാക്കി നൽകേണ്ടതുമാണ്.
- പ്രചാരണത്തിനാവശ്യമായ നിലയിൽ വാഹനങ്ങൾ സജ്ജമാക്കണം. ഡോക്യൂഫിഷൻ, ഗാനങ്ങളടങ്ങിയ പ്രചരണ വീഡിയോകൾ ഉൾപ്പെടെയുള്ളവ പി.ആർ.ഡി മുൻകൈയെടുത്ത് തയ്യാറാക്കേണ്ടതാണ്. ഇവ പ്രദർശിപ്പിക്കുന്നതിനാവശ്യമായ എൽ.ഇ.ഡി വാഹനങ്ങൾ സംഘടിപ്പിക്കുന്നതിനും അവയുടെ പ്രചരണത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിനും മണ്ഡലംതല സമിതികൾ ആസൂത്രണം ചെയ്യേണ്ടതും, അതിനാവശ്യമായ മൈക്ക് /സ്ഥലം തുടങ്ങിയവയ്ക്കുള്ള അനുമതികൾ മുൻകൂട്ടി ലഭ്യമാക്കേണ്ടതുമാണ്.
- പി.ആർ.ഡി തയ്യാറാക്കി സ്ഥാപിക്കുന്ന ബോർഡുകളും ഹോർഡിംഗ്സുകൾക്കും പുറമേ വിപുലമായ പ്രചരണം നടത്തുന്നതിനാവശ്യമായ കാര്യങ്ങൾ മണ്ഡലതല സമിതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. കോളേജ്/സർവ്വകലാശാലകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ ഫ്ളാഷ്മോബ്, തെരുവുനാടകങ്ങൾ പോലുള്ള പ്രചരണ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്.
- സാംസ്കാരിക കാര്യ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ കലാപരിപാടികൾ പ്രചാരണത്തിനായി മുൻകൂട്ടി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടാതാണ്.
- സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ, അതത് സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ് )) കേരള, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പു മേധാവികൾക്കും

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സ.ഉ.(സാ) നം.4661/2023/GAD

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിനായി

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ./ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്